**Athmaraksha.org**

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## ഓർക്കാം, ഇത് കരുണയുടെ വിശുദ്ധ വർഷമാണ്




2015 ഡിസംബർ എട്ടുമുതൽ (മാതാവിന്റെ പിറവിതിരുന്നാൾ) 2016 നവംബർ 20 വരെ (ക്രിസ്തുരാജന്റെ തിരുനാൾ) യുള്ള ഒരു വർഷം നീളുന്ന കാലഘട്ടത്തെ കരുണയുടെ വിശുദ്ധ വർഷം അഥവാ കരുണയുടെ ജൂബിലിവർഷമായി ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്.

ഈ വിശുദ്ധ വർഷം രണ്ട് കാര്യങ്ങളിൽ ശ്രദ്ധിച്ച് വേണ്ടത് ചെയ്യുവാൻ വിശ്വാസികളെ പ്രചോദിപ്പിക്കുന്നു. ഒന്ന്, ദൈവത്തിൽനിന്ന് കരുണനേടുക. രണ്ട്, മറ്റുള്ളവരോട് കരുണകാണിക്കുക. കരുണയുടെ വർഷത്തെപ്പറ്റി ചിന്തിക്കുമ്പോഴും പറയുമ്പോഴും അധികംപേരുടെയും മനസ്സ്പോവുക, നമ്മൾ മറ്റുള്ളവരോട് കരുണ കാണിക്കുന്നതിനെപ്പറ്റിയാണ്. എന്നാൽ, അതിനെക്കാൾ പ്രധാനം നാം ഓരോരുത്തരും ദൈവകരുണ നേടിയെടുക്കുക എന്നതാണ്. ദൈവത്തിന്റെ പക്കൽനിന്നും കരുണ ലഭിക്കേണ്ട അവശ്യം എന്താണ് എന്ന് ചിന്തിക്കാം; ചോദിക്കാം. ഉത്തരം പറയാം. നമ്മൾ പാപികളാണ് എന്നതുകൊണ്ട് നമ്മൾ എല്ലാവരും ദൈവത്തിന്റെ കരുണ ആവശ്യമുള്ളവരാണ്. താഴെ പറയുന്ന ബൈബിൾ വചനങ്ങൾ ശ്രദ്ധിക്കുക: പാപത്തോടുകൂടിയാണ് ഞാൻ പിറന്നത് (സങ്കീ. 51:5), കർത്താവേ, അങ്ങ് പാപങ്ങളുടെ കണക്കു വച്ചാൽ ആർക്ക് നിലനിൽക്കാനാവും (സങ്കീ. 130:3). ജന്മംകൊണ്ടും കർമംകൊണ്ടും നാം പാപികളാണ്.

ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു (റോമ. 5:12). അതിക്രമങ്ങൾക്ക് മാപ്പും പാപങ്ങൾക്ക് മോചനവും ലഭിച്ചവൻ ഭാഗ്യവാൻ (റോമ. 4:7). അതിനാൽ, പാപമോചനവും പാപത്തിന്റെ കടങ്ങൾക്കുള്ള ശിക്ഷ ഇളച്ചുകിട്ടലുമാണ് മനുഷ്യന് ദൈവത്തിന്റെ കരുണ ഏറ്റവും ആവശ്യമുള്ള മേഖല. ഇവ രണ്ടും കിട്ടിയില്ലെങ്കിൽ മനുഷ്യന് വന്നു ഭവിക്കുന്ന ദുരന്തങ്ങൾ അനവധിയും അതീവ ഗൗരവം ഉള്ളവയുമാണ്. പ്രഭാഷകൻ 21:3 പറയുന്നു: പാപം ഇരുതലവാൾ പോലെയാണ്. രണ്ടുവശത്തും മൂർച്ചയുള്ള വാളുകൊണ്ട് വെട്ടോ കുത്തോ കിട്ടിയാൽ രണ്ടു ഭാഗത്തും മുറിവ് ഉണ്ടാകും. ഇതുപോലെ, ഒരാൾ പാപം ചെയ്യുമ്പോൾ ആ പാപം, ചെയ്യുന്ന വ്യക്തിയെയും മറ്റുള്ളവരെയും മുറിപ്പെടുത്തുന്നു.

പാപം ചെയ്യുന്ന വ്യക്തിക്കും മറ്റുള്ളവർക്കും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പാപംചെയ്യുന്ന വ്യക്തിക്ക് ഉണ്ടാകുന്ന പ്രധാന പ്രശ്നങ്ങൾ ഇവയാണ്: ഒന്ന്, ആത്മനാശം, നിത്യനരകം, സ്വർഗ്ഗം നഷ്ടപ്പെടുന്നു. അഥവാ ശുദ്ധീകരണസ്ഥലത്തിലെ സഹനം. രണ്ട്, ദൈവ-മനുഷ്യബന്ധം മോശമാകുന്നു. മൂന്ന്, പ്രാർത്ഥനയ്ക്ക് ഫലം കുറയുന്നു. നാല്, ആന്തരികമുറിവുകൾ സൃഷ്ടിക്കുന്നു. എന്റെ പാപങ്ങൾ എനിക്ക് താങ്ങാനാവാത്ത ചുമട് ആയിരിക്കുന്നുവെന്ന് സങ്കീർത്തനം 38:4 -ൽ പറയുന്നു. തെറ്റാണ് എന്ന് അറിഞ്ഞുകൊണ്ട് ഒരു പ്രവൃത്തി ചെയ്യുമ്പോൾ അത് മനസിലുണ്ടാക്കുന്ന മുറിവാണ് പാപത്തിന്റെ മുറിവ്.

അഞ്ച്, രോഗങ്ങൾ. പാപകരമായ മാർഗ്ഗങ്ങൾ പിൻതുടർന്ന് പലരും രോഗികളായിത്തീർന്നു എന്ന് സങ്കീർത്തനം 107:7 പറയുന്നു. പാപംമൂലം രോഗം ബാധിച്ച നിരവധി പേരെ നാം കാണുന്നു. ആറ്, പാപം മനുഷ്യബന്ധം മോശമാക്കുന്നു. ഏഴ്, പാപം മറ്റുള്ളവർക്ക് സഹനം, മാനഹാനി, ജീവഹാനി, ധനനഷ്ടം, അവസരനഷ്ടം, ആത്മനാശം, കുടുംബ-ദാമ്പത്യ പ്രശ്നങ്ങൾ തുടങ്ങിയവ ഉണ്ടാക്കുന്നു. എട്ട്, പാപം പ്രകൃതിയെ നശിപ്പിക്കുന്നു. ഒമ്പത്, പാപം ജീവജാലങ്ങൾക്ക് സഹനവും മരണവും വംശനാശവും വരെ ഉണ്ടാക്കുന്നു. പത്ത്, പാപം വരാനിരിക്കുന്ന തലമുറകളെ എല്ലാ വിധത്തിലും നശിപ്പിക്കുന്നു. അതിനാൽ, മനുഷ്യന് പാപമോചനംവേണം. പാപത്തിന്റെ കടങ്ങൾക്ക് ഇളവ് വേണം. പാപത്തിന്റെ മുറിവുകൾക്ക് സൗഖ്യം വേണം. ഇതിനൊക്കെ മനുഷ്യന് ദൈവകരുണ കിട്ടിയേ തീരൂ. അതിനുംപുറമേ, പാപത്തിന്റെ നിത്യശിക്ഷയിൽനിന്നും കാലികശിക്ഷയിൽനിന്നും മനുഷ്യന് ദൈവം കരുണതോന്നി ഇളവ് തരണം. രോഗശാന്തിയും പ്രശ്നങ്ങൾക്ക് പരിഹാരവും ദൈവം കരുണ കാണിച്ചാൽ മനുഷ്യന് കിട്ടും.

കരുണ കിട്ടണമെങ്കിൽ മനുഷ്യൻ കരുണയ്ക്കുവേണ്ടി പരിശ്രമിക്കണം. അനുതാപം, പാപമോചനം, പ്രായശ്ചിത്തം, പ്രാർത്ഥന, പരോപകാരപ്രവൃത്തികൾ തുടങ്ങിയവ വഴിയാണ് കരുണ നേടിയെടുക്കേണ്ടത്. ദൈവത്തിൽനിന്ന് കരുണ നേടിയെടുക്കുവാൻ കരുണയുടെ വർഷം സഭ പ്രത്യേക അവസരം ഒരുക്കുകയും പ്രത്യേക സൗകര്യങ്ങൾ ചെയ്തുതരുകയും ചെയ്യുന്നു. കരുണ ലഭിക്കുവാൻ രൂപതകൾ നിശ്ചയിച്ചിട്ടുള്ള ദൈവാലങ്ങൾ സന്ദർശിച്ച്, കുമ്പസാരിച്ച്, ദിവ്യബലിയിൽ പങ്കെടുത്ത്, വിശുദ്ധ കുർബാന സ്വീകരിച്ച്, മാർപാപ്പായുടെ നിയോഗാർത്ഥം പ്രാർത്ഥിക്കുകവഴി ദൈവത്തിന്റെ പ്രത്യേക കരുണയും പാപങ്ങളുടെ ശിക്ഷയുടെ ഇളവായ ദണ്ഡവിമോചനവും പ്രാപിക്കാം.

ഈ അവസരം ഉപയോഗപ്പെടുത്തി കരുണനേടിയാൽ പാപത്തിന്റെ ശിക്ഷ ഇളച്ചുകിട്ടും. മറ്റ് നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകും. അതിനാൽ, ഇത്ര അനുഗ്രഹീതമായ ഒരു വർഷം കിട്ടിയിട്ട് നാമത് ഉപയോഗപ്പെടുത്താതെ പോകരുത്. ഒരു പക്ഷേ, അന്ത്യദിനത്തിലേക്ക് മനുഷ്യരെ ഒരുക്കുവാൻവേണ്ടി മാർപാപ്പായിലൂടെ ദൈവം നടത്തുന്ന ഒരു പരിശ്രമമാകാം കരുണയുടെ ഈ വിശുദ്ധ വർഷം അങ്ങനെയൊന്നുമില്ലെങ്കിലും ഓരോരുത്തർക്കും ഒരു ലോകാവസാനം ഉണ്ടല്ലോ. പാപത്തിന്റെ ശിക്ഷ ബാക്കിവച്ചുകൊണ്ട് മരിക്കാതിരിക്കാൻ കരുണയുടെ വർഷം നമ്മെ സഹായിക്കും.

അതിനാൽ, സമർപ്പിതവർഷം, വൈദികവർഷം, കുടുംബവർഷം, ബൈബിൾ വർഷം എന്നിങ്ങനെ കഴിഞ്ഞുപോയവർഷങ്ങളിൽ ഒന്നായി കരുണയുടെവർഷത്തെ കണ്ടാൽ പോരാ. വ്യക്തിപരമായി ദൈവത്തിന്റെ കരുണ ആവശ്യമുള്ളവരാണ് നമ്മൾ. കരുണ കാണിക്കാൻ ദൈവം ഒരു അവസരം തന്നിരിക്കുന്നു. സ്വാർത്ഥതയെപ്രതിയെങ്കിലും അതായത്, അവനവന് ശിക്ഷകൾ ഇളച്ചുകിട്ടുകയും നന്മകൾ ലഭിക്കുകയും ചെയ്യുന്ന ഒരു സമയമാണല്ലോ എന്നെങ്കിലും കരുതി, കരുണയുടെ ഈ വർഷത്തിൽ നാം പരമാവധി ദൈവകരുണ എല്ലാ മേഖലകളിലും നേടിയെടുക്കണം.

മനുഷ്യർ മറ്റുള്ള മനുഷ്യരോടും മൃഗങ്ങളോടും പ്രകൃതിയോടും കൂടുതൽ കരുണ കാണിക്കുക എന്നതാണ് രണ്ടാമത്തെകാര്യം. മനുഷ്യന്റെ കരുണയും ദയയും സ്നേഹവും ഇല്ലാത്ത, സ്വാർത്ഥതയും ക്രൂരതയും നിറഞ്ഞ പെരുമാറ്റങ്ങൾവഴി, അന്യായമായി മറ്റ് മനുഷ്യരും

ജീവജാലങ്ങളും പ്രകൃതിയും പീഡിപ്പിക്കപ്പെടുന്നുണ്ട്. കൊലപാതകങ്ങൾ, അക്രമങ്ങൾ, ലഹരിവ്യാപാരം, ആയുധവ്യാപാരം, കള്ളക്കടത്ത്, കരിഞ്ചന്ത, മായംചേർക്കൽ, ഭക്ഷ്യവസ്തുക്കളിൽ വിഷം കലർത്തൽ, കള്ളനോട്ട് ഇടപാടുകൾ, കള്ളക്കേസുകൾ, കള്ളസാക്ഷ്യങ്ങൾ, കൈക്കൂലി, ഓഫിസുകളിലെ നീതി നിഷേധം, ഓഫിസുകളിലെ നീതി താമസിപ്പിക്കൽ, ഭാര്യ-ഭർത്താക്ക•ാർക്കിടയിലെ നീതിനിഷേധം, അവർക്കിടയിലെ അക്രമങ്ങൾ, മാതാപിതാക്കളോടും മക്കളോടും കാണിക്കുന്ന നീതിനിഷേധങ്ങൾ, ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നതുമൂലം മറ്റുള്ളവർക്കുണ്ടാകുന്ന കഷ്ട-നഷ്ടങ്ങൾ...അതേ, കരുണയില്ലായ്മയുടെ എത്രയെ ത്ര മുഖങ്ങൾ. മറ്റുള്ളവരോട് കരുണ കാണിക്കുവാൻ കരുണയുടെ വർഷം നമ്മെ പ്രേരിപ്പിക്കുന്നു.

അതിനാൽ, ഇക്കാര്യങ്ങൾ ശ്രദ്ധിക്കാം.

1. ദൈവത്തിൽനിന്നും കരുണനേടാൻ മറക്കരുത്.
2. ദൈവത്തിന്റെ കരുണനേടുന്നവർ മറ്റുള്ളവരോട് കരുണ കാണിക്കുന്നതിൽ ഔദാര്യം കാണിക്കണം.
3. നീതിയെക്കാൾ അധികം കരുണ കാണിക്കുവാൻ നാം ശ്രമിക്കണം.

കരുണയുടെ വർഷം ഉദാരമായി കരുണ നേടുകയും ഉദാരമായി കരുണ കാണിക്കുകയും ചെയ്യുന്ന വർഷമാക്കാം, നമുക്ക്. അതിന് സൺഡേ ശാലോമിലെ ലേഖനങ്ങളും അനുഭവങ്ങളും സാക്ഷ്യങ്ങളുമെല്ലാം നമ്മെ സഹായിക്കട്ടെ!

കടപ്പാട്: സൺഡേ ശാലോം
ഫാ. ജോസഫ് വയലിൽ CMI